## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4122 — 25.06.2018-ൽ മറുപടിയ്ക്ക്.

# മിൽമ പാൽ പായ്ക്കിംഗിന് പ്ലാസ്റ്റിക് കവർ ഒഴിവാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മിൽമ നിലവിൽ പ്രതിദിനം എത്ര ലിറ്റർ പാൽ ആണ് വിറ്റഴിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) മിൽമ പ്രതിദിനം ഏകദേശം 13 ലക്ഷം ലിറ്റർ പാൽ വിപണിയിലെത്തിക്കുന്നുണ്ട്. ഇതിനു പുറമെ വിവിധ മൂല്യവർദ്ധിത പാലുല്പന്നങ്ങളും ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്. |
| (ബി) ഇതിൽ എത്ര ലിറ്റർ പാൽ ആണ് അയൽ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നതെന്ന് വിശദമാക്കാമോ; | (ബി) ഇപ്പോൾ കേരളത്തിൽ നിന്നുള്ള പാൽ സംഭരണം മിൽമയുടെ ആവശ്യത്തിന് തികയുന്നതാണ്. എന്നാൽ ഉത്സവദിവസങ്ങളിലും പ്രധാനപ്പെട്ട വിശേഷ ദിവസങ്ങളിലും ആഭ്യന്തര സംഭരണം തികയാതെ വരുമ്പോൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും ആവശ്യത്തിന് പാൽ എടുക്കുന്നതാണ്. ഇത് ശരാശരി 30,000 ലിറ്റർ പ്രതിദിനം ആണ്. |
| (സി) നിലവിൽ ഉപയോഗിച്ചുവരുന്ന പ്ലാസ്റ്റിക് കവർ പായ്ക്കിംഗ് ഒഴിവാക്കി പരിസ്ഥിതി സൗഹൃദ പായ്ക്കിംഗിലേക്ക് മാറുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) കേരളമുൾപ്പെടെ ഇന്ത്യയിലെ സംസ്ഥാനങ്ങളിലെല്ലാം തന്നെ ഡയറികളിലൂടെ പാൽ വിതരണം ചെയ്യുന്നതിന്റെ ഭൂരിഭാഗം പ്ലാസ്റ്റിക് (എൽഡിപിഇ) പാക്കറ്റുകളിലാണ്. ഇതിന് പകരമായി ഒരു വിപുലമായ രീതിയിലുള്ള പാക്കിംഗ് സംവിധാനം ഇതുവരെയും നിലവിൽ വന്നിട്ടില്ല. ഫുഡ് സേഫ്റ്റി നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പാക്കിംഗ് ഫിലിം ഉപയോഗിച്ചാണ് മിൽമ പാൽ പാക്ക് ചെയ്ത് വിതരണം ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**